13 (*133) റവന്യൂകാർഡിൽ കോർട്ട് ഫീ സ്റ്റാമ്പ് ഒഴിവാക്കാൻ നടപടി

ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡിനുവേണ്ടി അപേക്ഷ സമർപ്പിക്കാതിരുന്നാലുള്ള ഫലമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂകാർഡ് അനുവദിച്ചു നൽകിയതിനുശേഷം അതിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) റവന്യൂകാർഡ് എത്ര വർഷം കഴിഞ്ഞാണ് പുതുക്കുന്നത്;

(ഡി) റവന്യൂകാർഡിനുള്ള അപേക്ഷയിൽ കോർട്ടുഫീസ്റ്റാമ്പ് പതിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) അത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ)

(എ) അപേക്ഷ സമർപ്പിക്കുന്നവർക്കു മാത്രമേ റവന്യൂ കാർഡ് നൽകുകയുള്ളൂ.

(ബി) റവന്യൂകാർഡിലെ ഉൾക്കുറിപ്പുകളിൽ മാറ്റം വരുത്തുന്നതിനുള്ള വ്യവസ്ഥ റവന്യൂകാർഡ് ചട്ടത്തിലെ 8-ാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്. റവന്യൂകാർഡിൽ മാറ്റം വരുത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കാർഡുടമ വിശദവിവരങ്ങൾ കാണിച്ച് തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അപ്രകാരം ലഭിക്കുന്ന അപേക്ഷയിൻമേൽ തഹസീൽദാർ 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കേണ്ടതുമാണ്. തീർപ്പുകൽപ്പിക്കുന്നതിനുമുൻപായി അപേക്ഷകനും മറ്റു ബന്ധപ്പെട്ട ആൾക്കാർക്കും പറയാനുള്ളതു കേൾക്കുവാനും തെളിവുകൾ ഹാജരാക്കുവാനുമുള്ള ഒരു അവസരം നൽകേണ്ടതും അപേക്ഷയിൻമേൽ തീരുമാനമെടുത്തുകഴിഞ്ഞാൽ ഒരാഴ്ചക്കകം കക്ഷിയെ അറിയിക്കേണ്ടതുമാണ്.

(സി) റവന്യൂ കാർഡ് ആക്ടിലെ അഞ്ചാം വകുപ്പു പ്രകാരം, ഒരു റവന്യൂകാർഡ് നഷ്ടപ്പെടുകയോ, നശിക്കുകയോ, കേട് വരികയോ, വിരൂപമായിത്തീരുകയോ ഉപയോഗശൂന്യമായിത്തീരുകയോ ചെയ്യുമ്പോൾ ഡ്യൂപ്ലിക്കേറ്റ് റവന്യൂകാർഡിനുവേണ്ടി തഹസീൽദാർക്ക് അപേക്ഷ നൽകാവുന്നതാണ്.

(ഡി)&(ഇ) സർക്കാരിനു സമർപ്പിക്കുന്ന അപേക്ഷകളിൽ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം എന്നതുനിലവിലുള്ള വ്യവസ്ഥയാണ്. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

14 (*134) "ഉരുൾപൊട്ടൽ സംബന്ധിച്ച പഠനം"

ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ :
ശ്രീ. എൻ. ആർ. ബാലൻ :

ശ്രീ. സി.പി. ബാലൻവൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly